# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1272** **05.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യ മാർക്കറ്റുകൾ നവീകരിക്കുവാനുള്ള കിഫ്ബി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിൽ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് നവീകരിക്കുവാൻ പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിൽ നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന മത്സ്യമാർക്കറ്റുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല തന്നെ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ മത്സ്യ മാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം, ടോയ്ലെറ്റ് സംവിധാനം, വിശ്രമ മുറി എന്നിവ പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ ഉൾപ്പെടുത്തുന്നതാണ്. |
| സി) ഈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം മാർക്കറ്റുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് വിശദീകരിക്കുമോ? | സി) | ഈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കുലശേഖരപുരം മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിൽ താഴെപ്പറയുന്ന മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | നിയോജക മണ്ഡലം | തത്വത്തിൽ അംഗീകാരം നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മത്സ്യമാർക്കറ്റ്, ഇടപ്പള്ളിക്കോട്ട | ചവറ | 150.04 |
| 2 | മത്സ്യമാർക്കറ്റ്, കാവനാട് | ചവറ | 250.00 |
| 3 | മത്സ്യമാർക്കറ്റ്, ശാസ്താംകോട്ട | കുന്നത്തൂർ | 389.85 |
| 4 | മത്സ്യമാർക്കറ്റ്, കിഴക്കേകല്ലട | കുന്നത്തൂർ | 182.30 |
| 5 | മത്സ്യമാർക്കറ്റ്, പുത്തൂർ | കൊട്ടാരക്കര | 244.82 |
| 6 | മത്സ്യമാർക്കറ്റ്, കൊട്ടാരക്കര | കൊട്ടാരക്കര | 436.00 |
| 7 | മത്സ്യമാർക്കറ്റ്, മുക്കട | കുണ്ടറ | 107.27 |
| 8 | മത്സ്യമാർക്കറ്റ്, പനയം | കൊല്ലം | 153.47 |
| 9 | മത്സ്യമാർക്കറ്റ്, കടപ്പാക്കട | കൊല്ലം | 285.80 |
| 10 | മത്സ്യമാർക്കറ്റ്, അഞ്ചാലുമ്മൂട് | കൊല്ലം | 143.34 |
| 11 | മത്സ്യമാർക്കറ്റ്, തങ്കശ്ശേരി | കൊല്ലം | 426.00 |
| 12 | മത്സ്യമാർക്കറ്റ്, മൂന്നാംകുറ്റി | ഇരവിപുരം | 461.00 |
| 13 | മത്സ്യമാർക്കറ്റ്, ചാത്തന്നൂർ | ചാത്തന്നൂർ | 278.50 |
| 14 | മത്സ്യമാർക്കറ്റ്, കൊട്ടിയം | ചാത്തന്നൂർ | 402.00 |
| 15 | മത്സ്യമാർക്കറ്റ്, പാരിപ്പള്ളി | ചാത്തന്നൂർ | 345.27 |
| 16 | മത്സ്യമാർക്കറ്റ്, സൗത്ത് പരവൂർ | ചാത്തന്നൂർ | 250.00 |
| 17 | മത്സ്യമാർക്കറ്റ്, കുലശേഖരപുരം | കരുനാഗപ്പള്ളി | 156.00 |
| 18 | മത്സ്യമാർക്കറ്റ്, ചിതറ കിഴക്കുംഭാഗം | ചടയമംഗലം | 245.10 |
| 19 | മത്സ്യമാർക്കറ്റ്, കടയ്ക്കൽ | ചടയമംഗലം | 336.10 |
| 20 | മത്സ്യമാർക്കറ്റ്, പുനലൂർ | പുനലൂർ | 400.00 |
| 21 | മത്സ്യമാർക്കറ്റ്, അഞ്ചൽ | പുനലൂർ | 312.20 |

ഇവയിൽ താഴെപ്പറയുന്ന മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യമാർക്കറ്റ്, തങ്കശ്ശേരി | 196.50 |
| 2 | മത്സ്യമാർക്കറ്റ്, കടപ്പാക്കട | 145.33 |
| 3 | മത്സ്യമാർക്കറ്റ്, മൂന്നാംകുറ്റി | 129.89 |
| 4 | മത്സ്യമാർക്കറ്റ്, സൗത്ത് പരവൂർ | 181.06 |

**സെക്ഷൻ ആഫീസർ**